(1)	(2)	(3)
10	മലപ്പുറം	107
11	കോഴിക്കോട്	83
12	വയനാട്	26
13	കണ്ണൂർ	84
14	കാസർഗോഡ്	41
	ആകെ	1060

(ബി) ഇവർക്ക് പ്രതിമാസം 6000 രൂപയാണ് ഓണറേറിയമായി നൽകുന്നത്.

(സി&ഡി) പരിശോധിച്ചുവരുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

85 (4369) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി.റ്റി.എ. റഹീം :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ചികിത്സയ്ക്കും പരിചരണത്തിനും ആവശ്യത്തിന് ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന രോഗികളുടെ ആധിക്യത്തിനനുസരിച്ച് ഭൗതിക സാഹചര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 27-11-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 396/2012/ആ.കു.വ.,6-4-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 130/2013/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് 3 മാനസികാരോഗ്യ കേന്ദ്രങ്ങളിലായി താഴെപ്പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്:

1.	സീനിയർ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്	-	3
2.	കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്	-	5
3.	ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ്	-	6
4.	അസിസ്റ്റന്റ് സർജൻ	-	11
5.	റസിഡന്റ് മെഡിക്കൽ ഓഫീസർ	-	2
6.	സ്റ്റാഫ് നഴ്സ്	-	110
7.	നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-I	-	6
8.	നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-II	-	11
9.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	-	35

കൂടാതെ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 125 ജീവനക്കാരെ ടി ആശുപത്രിയിൽ അനുവദിക്കപ്പെട്ടിരുന്ന ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ സ്ഥിരപ്പെടുത്തി സ.ഉ.(എം.എസ്.) നമ്പർ 325/14/ആ.കു.വ. തീയതി 1-11-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കുറുവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം

86 (4370) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ DHS-ൽ നിലവിലുള്ള PLA 3/35490/2012 എന്ന ഫയലിന്റെ തുടർ നടപടി എന്ന രീതിയിൽ കോട്ടയം DMO ഓഫീസിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രൊപ്പോസൽ DHS-ലേയ്ക്ക് അയയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;

(സി) ഈ ഫയൽ എത്ര മാസം കൊണ്ട് കോട്ടയം DMO ഓഫീസിൽ ഇരിക്കുന്നു; ഇത്രയും കാലം ഈ ഫയൽ അകാരണമായി കൈവശം വച്ചതിന് പ്രസ്തുത ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly